No.CEE/71/3LLB-2020//TA2

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ – 2020 റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2020-ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി 20.06.2020- ൽ നടന്ന പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Three Year LL.B 2020 - Candidate Portal'** എന്ന ലിങ്കിലെ **'Result'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ വിദ്യാർത്ഥികൾക്ക് അവരവരുടെ റാങ്ക് ദൃശ്യമാകുന്നതാണ്.

പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 10% മാർക്ക് നേടിയ ജനറൽ/എസ്.ഇ.ബി.സി വിഭാഗക്കാരും, കുറഞ്ഞത് 5% മാർക്ക് നേടിയ എസ്.സി /എസ്.റ്റി വിഭാഗക്കാരും മാത്രമാണ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളത്. (പ്രോസ്പെക്ടസ് ക്ലോസ് 12(iv)).

**ശ്രീ. നിഖിൽ ഉമ്മൻ മാത്യു (റോൾ നം. 55246)**, പ്രവേശന പരീക്ഷയിൽ **ഒന്നാം റാങ്ക്** കരസ്ഥമാക്കി.

24.06.2020–ന് പ്രസിദ്ധീകരിച്ച ഉത്തര സൂചിക സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങൾ ഒരു വിദഗ്ധ സമിതി പരിശോധിക്കുകയും പ്രസ്തുത സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉത്തര സൂചികയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

| Question No. | Answer Key | |
|---|---|---|
| | Published | Revised |
| 161 | B | A |

വിവിധ കാരണങ്ങളാൽ പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മതിയായ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാണ്.

**ഹെൽപ് ലൈൻ നം. 0471 2525300**

തിരുവനന്തപുരം
03.08.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**